പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 2530

21.06.2012-ലെ
മറുപടിക്ക്.

## വിദ്യാർത്ഥികളുടെ തലയെണ്ണൽ സംവിധാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.പി. സജീന്ദ്രൻ<br>ശ്രീ. വി.ഡി. സതീശൻ<br>ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. കെ. ശിവദാസൻ നായർ | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) വിദ്യാർത്ഥികളുടെ തലയെണ്ണി അദ്ധ്യാപക തസ്തിക നിർണ്ണയിക്കുന്ന സംവിധാനം ഉപേക്ഷിച്ചിട്ടുണ്ടോ; വിശദമാക്കുമോ. | (എ) ഉണ്ട്. അദ്ധ്യാപക പാക്കേജ് പ്രകാരം 2010-11 അദ്ധ്യയന വർഷത്തെ ഒരോ സ്കൂളിലേയും തസ്തിക നിർണ്ണയ ഉത്തരവ് 2011-12 വർഷത്തിലും നിലനിർത്തിയിട്ടുണ്ട്. യു.ഐ.ഡി. സമ്പ്രദായം ഉപയോഗിച്ച് കുട്ടികളുടെ കണക്ക് ശാസ്ത്രീയമായി എടുക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ നടന്ന് വരുന്നു. പ്രസ്തുത യു.ഐ.ഡി. സമ്പ്രദായം പൂർത്തിയാകുന്നതുവരെ 2012-13 അദ്ധ്യയന വർഷത്തിലും 2010-11ലെ തസ്തിക നിർണ്ണയ ഉത്തരവ് നിലനിർത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) ഇതിന് പകരം തസ്തികകൾ നിർണ്ണയിക്കുന്നതിന് എന്തു സംവിധാനമാണ് നിലവിൽ വന്നത്. വിശദാംശങ്ങൾ നൽകാമോ; ഇത്കൊണ്ടുള്ള നേട്ടങ്ങൾ എന്തെല്ലാം. | (ബി) 2012-13 അദ്ധ്യയന വർഷം മുതൽ യു.ഐ.ഡി. സംവിധാനം ഉപയോഗിച്ചുള്ള കുട്ടികളുടെ ശാസ്ത്രീയ കണക്കെടുപ്പിലൂടെ തസ്തിക നിർണ്ണയം നടത്താനാണ് തീരുമാനിച്ചിട്ടുള്ളത്. എല്ലാ സ്കൂളുകളിലേയും കുട്ടികളുടെ |

| | | | |
|---|---|---|---|
| | | | കണക്ക് വളരെ കൃത്യമായി ലഭിക്കുന്നു. അതു വഴി തസ്തിക നിർണ്ണയത്തിലെ അപാകതകൾ പരിഹരിക്കാൻ കഴിയുകയും ചെയ്യുന്നതാണ്. |
| (സി) | ഏത് അദ്ധ്യയന വർഷം മുതലാണ് പുതിയ സംവിധാനം ഏർപ്പെടുത്തുന്നത്. | (സി) | 2012-13 അദ്ധ്യാന വർഷം മുതൽ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ